**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 14.03.2025

# പാസ്പോർട്ട് വെരിഫിക്കേഷന് കൈക്കൂലി:- പോലീസ് ഉദ്യോഗസ്ഥൻ വിജിലൻസ് പിടിയിൽ.

"ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്"-ന്റെ ഭാഗമായി എറണാകുളം വിജിലൻസ് യൂണിറ്റ് ഒരുക്കിയ കെണിയിൽ എറണാകുളം ജില്ലയിലെ വരാപ്പുഴ പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറായ എൽദോ പോൾ പാസ്പോർട്ട് വെരിഫിക്കേഷന് 500/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (14/03/2025) എറണാകുളം വിജിലൻസ് പിടികൂടി.

എറണാകുളം കൊങ്ങോർപ്പിള്ളി സ്വദേശിയായ പരാതിക്കാരൻ വിദേശത്ത് പോകുന്നതിന്റെ ആവശ്യത്തിലേക്ക് പാസ്പോർട്ട് എടുക്കുന്നതിന് 06/03/2025-ാം തീയതി ഓൺലൈനിൽ അപേക്ഷിച്ചിരുന്നു. തുടർന്ന് 13/03/2025-ാം തീയതി പരാതിക്കാരന്റെ ഫോണിലേക്ക് വന്ന മിസ്സ്ഡ് കോൾ നമ്പറിൽ തിരിച്ച് വിളിച്ചപ്പോൾ വരാപ്പുഴ പോലീസ് സ്റ്റേഷനിലെ എൽദോ പോൾ എന്ന പോലീസുകാരനാണെന്നും പാസ്പോർട്ട് വെരിഫിക്കേഷന് വേണ്ടി വിളിച്ചതാണെന്നും, 14-ാം തീയതി നേരിൽ കാണണമെന്നും പറഞ്ഞു. പരാതിക്കാരൽ ഇന്നേ ദിവസം വീണ്ടും പോലീസ് ഉദ്യോഗസ്ഥനെ ഫോണിൽ വിളിച്ചപ്പോൾ നേരിട്ട് കാണാൻ വരുമ്പോൾ 500/- രൂപ കൈക്കൂലി നൽകണമെന്നും പറഞ്ഞു. തുടർന്ന് പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് മദ്ധ്യമേഖല പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ധേശപ്രകാരം എറണാകുളം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (14/03/2025) വൈകുന്നേരം 04.35 മണിക്ക് വരാപ്പുഴ ചെട്ടിഭാഗം മാർക്കറ്റിന് സമീപം വച്ച് പരാതിക്കാരനിൽ നിന്നും 500/- രൂപ കൈക്കൂലി വാങ്ങവേ വരാപ്പുഴ പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറായ എൽദോ പോളിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.